വിദ്യാഭ്യാസരംഗത്തെ ബഡ്ജറ്റ് വിഹിതം

31 (814)ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടി :
ശ്രീ. കെ.പി.എ. മജീദ് :
ശ്രീ. ഇ.ടി. മുഹമ്മദ് ബഷീർ :
ശ്രീ. നാലകത്ത് സൂപ്പി :
ശ്രീ. പി.കെ. അബ്ദുറബ്ബ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന ബഡ്ജറ്റിൽ വിദ്യാഭ്യാസത്തിനുവേണ്ടി നടപ്പു വർഷം വകയിരുത്തിയിരിക്കുന്ന തുക എത്രയാണ്;

(ബി) ഇത് സംസ്ഥാന ബഡ്ജറ്റിന്റെ എത്ര ശതമാനമാണ്;

(സി) പ്ലാൻ വിഹിതത്തിൽ നിന്നും എന്തു തുക ചെലവാകും; അത് എത്ര ശതമാനമാണ്;

(ഡി) 96-97, 97-98, 98-99 വർഷങ്ങളിൽ വിദ്യാഭ്യാസത്തിനുവേണ്ടി വകയിരുത്തിയ തുക എത്ര വീതമാണെന്നും അത് ബഡ്ജറ്റിന്റെ എത്ര ശതമാനമായിരുന്നുവെന്നും വ്യക്തമാക്കുമോ?

ഉത്തരം

(എ) 2,81,588 ലക്ഷം രൂപ.

(ബി) 39.53%.

(സി) മുഴുവൻ തുകയും ചെലവാകും.

(ഡി) **96-97**

1,61,645 ലക്ഷം രൂപ - 39.93%

97-98

1,76,105 ലക്ഷം രൂപ - 35%

98-99

2,24,463 ലക്ഷം രൂപ - 36.61%

സംസ്ഥാനത്തെ വിദ്യാഭ്യാസ ജില്ലകൾ

32 (815)ശ്രീ. പി. രാജു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നിലവിൽ എത്ര വിദ്യാഭ്യാസ ജില്ലകൾ/ഉപജില്ലകൾ ഉണ്ട് എന്നും എവിടെയൊക്കെയാണെന്നും വ്യക്തമാക്കുമോ;

(ബി) ഈ ഉപജില്ലയിൽ ഏറ്റവും ചുരുങ്ങിയത് എത്ര വിദ്യാലയങ്ങൾ ഉണ്ടാകണം; കൂടിയാൽ എത്ര; ഇത് സംബന്ധിച്ച മാനദണ്ഡം എന്താണ്;.

(സി) സംസ്ഥാനത്ത് പുതുതായി വിദ്യാഭ്യാസ ജില്ലകൾ അനുവദിക്കുന്നുണ്ടോ; ഉണ്ടെങ്കിൽ എവിടെയൊക്കെ; ഇത് സംബന്ധിച്ച് നിർദ്ദേശങ്ങൾ എന്താണ് എന്ന് വ്യക്തമാക്കുമോ;

LIBRARY ARCHIVES Kerala Legislative Assembly